# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5364 — 05.07.2012 ൽ മറുപടിക്ക്

ഐ.ടി. കരട് നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.ടി. സംബന്ധിച്ച പുതിയ കരട് നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. വിവിധ തലങ്ങളിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ കരട് നയത്തിൽ വേണ്ട ഭേദഗതികൾ വരുത്തി പുതിയ ഐ.ടി. നയം പ്രഖ്യാപിക്കുന്നതാണ്. |
| (ബി) ഐ.ടി. കമ്പനികളുടെ സ്ഥിരമൂലധന നിക്ഷേപത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) ഇത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും സർക്കാർ എടുത്തിട്ടില്ല. |
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.ടി. പാർക്കുകളിൽ ഓരോന്നിലും എത്ര പുതിയ ഐ.ടി. കമ്പനികൾ പ്രവർത്തനം ആരംഭിച്ചുവെന്നും അവയിലൂടെ എത്ര തൊഴിലവസരങ്ങൾ ലഭ്യമായെന്നും വ്യക്തമാക്കുമോ ; പ്രസ്തുത കമ്പനികളുമായി കരാറിൽ ഏർപ്പെട്ടത് ഈ സർക്കാരിന്റെ കാലത്താണോ എന്ന് വ്യക്തമാക്കുമോ; സ്മാർട്ട് സിറ്റിയിൽ എത്ര ഐ.ടി. കമ്പനികൾ പ്രവർത്തനത്തിനായി മുന്നോട്ട് വന്നിട്ടുണ്ട്; | (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ടെക്നോപാർക്കുമായി കരാറിലേർപ്പെട്ട് ആരംഭിച്ച 50 കമ്പനികളിലുമായി 879 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഇൻഫോപാർക്കിലെ വിവിധ കാമ്പസുകളിലായി 34 കമ്പനികൾ ആരംഭിച്ചു. 2180 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. സ്മാർട്ട്സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭ ഘട്ടത്തിലാണ്. |
| (ഡി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ പുതുതായി ഐ.ടി. പാർക്കുകളും സൈബർ പാർക്കുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ? | (ഡി) പുതുതായി മലപ്പുറം ജില്ലയിലെ അരീക്കോട് ഐ.ടി. പാർക്കും കോട്ടയം ജില്ലയിലെ പാലായിൽ ടെക്നോസിറ്റിയും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Rahul. K. Jassun

സെക്ഷൻ ഓഫീസർ